28/6/21

DESPATCHED
On.....5/7/21...

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2561614, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**AP.No.2291 (1)/2018/SIC തീർപ്പു കല്പിച്ചു കൊണ്ടുള്ള നടപടിക്രമം**
**File No. 11534/SIC-G4/2019)**

**സന്നിഹിതൻ**
ഡോ.വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

**തീയതി:2021 ജൂൺ 28**

ശ്രീ.കെ.പി. ഫിലിപ്പ്,
സി.പി.ഐ ബിൽഡിംഗ്സ്, ഒന്നാം നില,
കുന്തളംപാറ റോഡ്,
കട്ടപ്പന - 685 508.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസർ,
   ഡെപ്യൂട്ടി കമ്മീഷണറുടെ കാര്യാലയം,
   സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്.
   ഇടുക്കി - കട്ടപ്പന.
2. അപ്പീൽ അധികാരി,
   ഡെപ്യൂട്ടി കമ്മീഷണറുടെ കാര്യാലയം,
   സംസ്ഥാന ചരക്കു സേവന നികുതി വകുപ്പ്.
   ഇടുക്കി - കട്ടപ്പന.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിന്മേൽ 31/01/2019 –ന് കമ്മീഷൻ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ലഭ്യമാക്കിയ റിപ്പോർട്ടിൽ പ്രസ്താവിച്ചത് ശ്രീമതി അബിത സി. ഗോപിനാഥ് നൽകിയ മറുപടിയുടെ തീയതി 11/07/2018 –ാണെന്നും അന്ന് ടി ഓഫീസിലെ പൊതു വിവരാവകാശ ഓഫീസർ ശ്രീ. ജോയി ജോസഫ് ആയിരുന്നുവെന്നും എന്നാൽ 10/07/2018 തീയതിയിലെ എസ്.ജി. എസ്. ടി–888/2017–എ8 നമ്പർ ഉത്തരവ് പ്രകാരം ശ്രീമതി.അബിത സി. ഗോപിനാഥ് 12/07/2018 –ന് ടി ഓഫീസിൽ മാനേജർ ആയി ചുമതലയേൽക്കുകയും ഹർജിക്കാരനായ ശ്രീ കെ.പി. ഫിലിപ്പിന് മറുപടിക്കത്ത് നൽകിയ 13/07/2018 –ന് 02/07/2018 –ന് തയ്യാറാക്കി വച്ചിരുന്ന വിവരാവകാശ മറു പടിയുടെ തീയതി മാത്രം 13/07/2018 എന്നാക്കി തിരുത്തി അസ്സൽ കോപ്പി അയക്കുകയാണുണ്ടാ

യതെന്നും പ്രസ്തുത മറുപടിയിൽ ശ്രീമതി. ആബിത സി. ഗോപിനാഥ് മറുപടിയുടെ നക്കലിൽ കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടില്ലെന്നുമാണ്. രണ്ടാം എതിർകക്ഷിയുടെ ടി വിശദീകരണം വസ്തുതാപരമാണെന്നു കാണുന്നതിനാൽ ടി അപ്പീൽ ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള ഈ ഉത്തരവ് ഇന്നേ ദിവസം 2021 ജൂൺ 28-ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്

**ഡോ.വിശ്വാസ് മേത്ത**

മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Beuf

കമ്മീഷൻ സെക്രട്ടറി